DESPATCHED
On 16/06/2020

29/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332588, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1369(4)/2012/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.8586/SIC-Gen 2/2012**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സുരേഷ് കുമാർ ടി.എസ്,
S/o. സുകുമാരൻ നായർ,
തയ്യിൽ വീട്, ചിത്തിരപുരം പി.ഒ.,
ഇടുക്കി – 685 565.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി കളക്ടർ (എൽ.ആർ),
ജില്ലാ കളക്ടറേറ്റ്,
പൈനാവ് പി.ഒ., ഇടുക്കി.

2. അപ്പീൽ അധികാരി,
ജില്ലാ കളക്ടറേറ്റ്,
പൈനാവ് പി.ഒ., ഇടുക്കി.

} എതിർകക്ഷികൾ

## ഉത്തരവ്

LA 106/93 നമ്പർ കേസിലെ തീർപ്പു പ്രകാരം അപ്പീൽ ഹർജിക്കാരന് ദേവികുളം സ്പെഷ്യൽ തഹസീൽദാർ (LA) ഓഫീസിൽ നിന്ന് സിദ്ധിച്ച പട്ടയം സാധൂകരിക്കുന്നതിനാവശ്യമായ പതിവ് ലിസ്റ്റിന്റെ പകർപ്പു ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 01.06.2012ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 13.08.12ന് നൽകിയ നിർദ്ദേശപ്രകാരം ഒന്നാം എതിർകക്ഷി 15.09.12ൽ കമ്മീഷന് റിപ്പോർട്ട് നൽകി. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങളടങ്ങുന്ന ഫയൽ (സി. 26938/91) ലഭ്യമല്ലാത്തതിനാൽ പതിവ് സംബന്ധിച്ച വിവരം നൽകാൻ സാധിക്കുകയില്ലെന്ന് അറിയിച്ചിട്ടുള്ളതാണെന്നും, ഓഫീസിലെ റെക്കോർഡ് റൂമിൽ പരിശോധിച്ചതിൽ നിന്ന് ടി ഫയൽ ലഭ്യമല്ലെന്ന് മനസിലാക്കിയിട്ടുള്ളതാണെന്നും, ആയതിനാൽ പതിവ് ലിസ്റ്റ് നൽകാൻ സാധിക്കില്ലെന്നുള്ള വിവരം റിപ്പോർട്ടു ചെയ്യുന്നു എന്നുമാണ് ടി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്.

3. ഇത് കമ്മീഷൻ വിശദമായി പരിശോധിച്ചു. ഫയൽ കേവലമായി ലഭ്യമല്ല എന്നു മാത്രമാണ് ഒന്നാം എതിർകക്ഷി പറഞ്ഞിട്ടുള്ളത്. ഏതായാലും ഇത്തരമൊരു

ഫയൽ ഉണ്ടാകാതിരിക്കേണ്ട കാര്യമല്ല. ഫയൽ നശിപ്പിക്കപ്പെട്ടതാണെങ്കിൽപ്പോലും, ആയതിന് ആധാരമായി ഒരു ഉത്തരവ് ഉണ്ടായിരിക്കും. പക്ഷെ അങ്ങനെയൊന്നും ഒന്നാം എതിർകക്ഷി റിപ്പോർട്ടിൽ പറയുന്നുമില്ല.

4. മാത്രവുമല്ല, ഒരു പാവപ്പെട്ട മനുഷ്യനു ലഭിച്ച പട്ടയം സാധൂകരിച്ച് കിട്ടുന്നതിന് ഈ രേഖ അനിവാര്യമാണെന്നിരിക്കെ, അത് കണ്ടെത്തി നൽകാനുള്ള കാര്യമായ എന്തെങ്കിലും ശ്രമം ഒന്നാം എതിർകക്ഷി നൽകിയതായും കമ്മീഷന് ബോധ്യമാകുന്നില്ല.

5. അതുകൊണ്ട്, ഈ ഉത്തരവ് ലഭിച്ച് പരമാവധി ഒരു മാസത്തിനുള്ളിൽ ടി ഫയൽ കണ്ടെത്തി, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ടിയാന് നൽകേണ്ടതും, ആ വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

6. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29-ാം തീയതി കമ്മീഷൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

gk.